പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7</u> <u>02.03.2020 ൽ മറുപടിക്ക്</u>

# <u>തിരുവനന്തപുരം - കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽപാത</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം - കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽപാതക്ക് റെയിൽവേ ബോർഡിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാത പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. ആകാശ സർവ്വേയുടെ റിപ്പോർട്ട് സർവ്വേ ഓഫ് ഇന്ത്യ കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവരുടെ പരിഗണനയിലാണ്. പാത കടന്നുപോകുന്ന സ്ഥലങ്ങൾ ഉൾപ്പെട്ട നിയോജക മണ്ഡലങ്ങളിലെ ജന പ്രതിനിധികൾ, ബഹു. മന്ത്രിമാർ, ബഹു. പ്രതിപക്ഷ നേതാവ്, നിയമസഭാ കക്ഷി നേതാക്കൾ എന്നിവർക്കായി പദ്ധതി സംബന്ധിച്ച ഒരു അവതരണം നടത്തുകയുണ്ടായി. പാത കടന്നു പോകുന്ന 10 ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കുള്ള ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഈ പദ്ധതിയ്ക്കായുള്ള വാല്യു കാപ്ചറിംഗ്, ധനസമാഹരണം എന്നിവ സംബന്ധിച്ച് വിശദാംശം നൽകുമോ; | (സി) | പദ്ധതിയുടെ ധന ശേഖരണ രൂപം ചുവടെ വിവരിക്കുന്നു |

| Parties | % contribution | Amount |
|---|---|---|
| Equity | | |
| • GoK | 12% | 7,720 Cr |
| • Land EIA & R&R (GoK) | 13% | 8,656 Cr |
| • GoI | 12% | 7,720 Cr |
| Subordinated Debt | | |
| • GoK | 5% | 3,564 Cr |
| • GoI | 5% | 3,564 Cr |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td></td></tr>
<tr><td><u>Debt</u><br>• JICA or other agency</td><td>52%</td><td>34,454 Cr</td></tr>
<tr><td>• IDC</td><td>1%</td><td>727 Cr</td></tr>
<tr><td>Total</td><td>100%</td><td>66,405 Cr</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>പദ്ധതിയുടെ നിർമ്മാണ ചുമതല ആർക്കാണ് എന്നറിയിക്കാമോ; മൊത്ത ചെലവിന്റെ എത്ര ശതമാനമാണ് സംസ്ഥാന സർക്കാർ വഹിക്കേണ്ടത് എന്നും അത് എപ്രകാരം സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നും വെളിപ്പെടുത്താമോ?</td>
<td>(ഡി)</td>
<td>ഈ പദ്ധതിയുടെ മേൽനോട്ടം കേരള സർക്കാർ - റെയിൽവേ മന്ത്രാലയം എന്നിവയുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവല്പ്മെന്റ് കോർപ്പറേഷൻ എന്ന കമ്പനിയ്ക്കാണ്. 66,405 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് കേരള സർക്കാരിൽ ഭൂമി ഏറ്റെടുത്തു നൽകുന്നതിനുള്ള 8,656/- കോടി രൂപയടക്കം 19,940/- കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് പ്രതീക്ഷിത ചെലവിന്റെ 30% ആണ്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് KFW, JICA, ലോക ബാങ്ക് ഉടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നു വരുന്നു. സംസ്ഥാന വിഹിതം കിഫ്ബി മുഖേനയുള്ള ഓഹരി സമാഹരണം വഴി കണ്ടെത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ